"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ ഔട്ട് ലെറ്റുകളിലെ ജീവനക്കാരുടെ പ്രതിദിന അലവൻസ് വർദ്ധിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.306/2026/TAXES തീയതി,തിരുവനന്തപുരം, 11-03-2026

---

പരാമർശം:- 1. 20.09.2025- ലെ സ.ഉ(സാധാ) നം.871/2025/നികുതി.

2. കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ സ്റ്റാഫ് അസോസിയേഷൻ 19.09.2025-ൽ സമർപ്പിച്ച നിവേദനം

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ ഔട്ട് ലെറ്റുകളിലെ ജീവനക്കാർക്ക് പരാമർശം (1) പ്രകാരം അടിസ്ഥാന ശമ്പളത്തിന്റെ നിശ്ചിത നിരക്കിൽ മൂന്ന് സ്ലാബുകളിലായി ചുവടെ പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ളത് പ്രകാരം പ്രതിദിന അലവൻസ് അനുവദിച്ചിരുന്നു.

| ക്രമ നം | അടിസ്ഥാന ശമ്പളം | പ്രതിദിന അലവൻസ് |
|---|---|---|
| 1 | 37400 വരെ | 355 |
| 2 | 37400 മുതൽ 68400 വരെ | 415 |
| 3 | 68400ന് മുകളിൽ | 500 |

2) പ്രസ്തുത ഉത്തരവ് പുനഃപരിശോധിക്കണമെന്നും ബിവറേജസ് കോർപ്പറേഷൻ ഔട്ട് ലെറ്റുകളിലെ ജീവനക്കാർക്ക് ശമ്പളത്തിന് പുറമേ നൽകുന്ന അലവൻസ് 600/- രൂപയാക്കി വർദ്ധിപ്പിക്കണമെന്നും, ഷോപ്പ് ഇൻ ചാർജ്ജിന്റെ ചുമതല വഹിക്കുന്ന ജീവനക്കാരന് ശമ്പളത്തിന് പുറമെ പ്രതിമാസം 2000/- രൂപ ചാർജ്ജ് അലവൻസ് പുതിയതായി അനുവദിക്കണമെന്നും ആവശ്യപ്പെട്ട് കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ സ്റ്റാഫ് അസോസിയേഷൻ പരാമർശം (2) പ്രകാരം നിവേദനം സമർപ്പിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(1)-ലെ ഉത്തരവ് ഭേദഗതി ചെയ്ത് കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ ഔട്ട് ലെറ്റുകളിലെ ജീവനക്കാർക്ക് നിലവിൽ നൽകി വരുന്ന പ്രതിദിന അലവൻസ് കേഡർ വ്യത്യാസമില്ലാതെ 01.04.2026 മുതൽ ₹550/- ( അഞ്ഞൂറ്റി അൻപത് രൂപ

മാത്രം) ആയി വർദ്ധിപ്പിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

1. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ ആഡിറ്റ്) ,കേരള,തിരുവനന്തപുരം.
3. പൊതുഭരണ (എസ്.സി) വകുപ്പ് (10.03.2026-ലെ മന്ത്രിസഭ യോഗതീരുമാനം ഇനം നം.3842 പ്രകാരം)
4. ധനകാര്യ വകുപ്പ് (ഫയൽ നം.873377/പി.യു.സി2/98/2018/ധന) പ്രകാരം
5. വിവര പൊതുസമ്പർക്ക വകുപ്പ്(വെബ് & ന്യൂ മീഡിയ)(മന്ത്രസഭായോഗ തീരുമാനത്തിന്റെയും ക്യാബിനറ്റ് കുറിപ്പിന്റെയും പകർപ്പ് സഹിതം)
6. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (എ3/123/2025/നികുതി)
7. പകർപ്പ് (എ3/7/2024/നികുതി നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം
Signed by
Jagadish Babu M
Date: 11-03-2026 18:19:31
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-03-2026

ഫയൽ നം. എ3/123/2025/നികുതി. ഇനം നം: 3842

വിഷയം : നികുതി വകുപ്പ് - കെ.എസ്.ബി.സി.-യുടെ ഔട്ട്ലെറ്റുകളിലെ ജീവനക്കാരുടെ പ്രതിദിന അലവൻസ് വർദ്ധിപ്പിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്.

3842

കേരള സർക്കാർ
(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എ 3/123 / 2025 /നികുതി |
| 2 | വകുപ്പ് | : | നികുതി (എ) വകുപ്പ് |
| 3 | വിഷയം | : | കെ.എസ്.ബി.സിയുടെ ഔട്ട് ലെറ്റുകളിലെ ജീവനക്കാരുടെ പ്രതിദിന അലവൻസ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 27.02.2026 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | :<br>: | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചി ട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. പ്രമോദ്.എം.വി |
| 8 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ.ആർ.ജ്യോതിലാൽ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 04.03.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 04.03.2026 |
| 12 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. എം.ബി.രാജേഷ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 05.03.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 06.03.2026 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ ഔട്ട് ലെറ്റുകളിലെ ജീവനക്കാർക്ക് ശമ്പളത്തിന് പുറമെ നല്കിവരുന്ന പ്രതിദിന അലവൻസ് കേഡർ വ്യത്യാസമില്ലാതെ 600/- രൂപയാക്കി വർദ്ധിപ്പിക്കണമെന്നും, ഷോപ്പ് ഇൻ ചാർജ്ജിന്റെ ചുമതല വഹിക്കുന്ന ജീവനക്കാരന് ശമ്പളത്തിന് പുറമേ പ്രതിമാസം 2000/- രൂപ ചാർജ്ജ് അലവൻസ് പുതിയതായി അനുവദിക്കണമെന്നും സംബന്ധിച്ച അപേക്ഷയുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്

(2) ബിവറേജസ് കോർപ്പറേഷൻ ഔട്ട് ലെറ്റുകളിലെ ജീവനക്കാർക്ക് ശമ്പളത്തിന് പുറമെ നല്കിവരുന്ന പ്രതിദിന അലവൻസ് കേഡർ വ്യത്യാസമില്ലാതെ 600/- രൂപയാക്കി വർദ്ധിപ്പിക്കണമെന്നും, ഷോപ്പ് ഇൻ ചാർജ്ജിന്റെ ചുമതല വഹിക്കുന്ന ജീവനക്കാരന് ശമ്പളത്തിന് പുറമേ പ്രതിമാസം 2000/- രൂപ ചാർജ്ജ് അലവൻസ് പുതിയതായി അനുവദിക്കണമെന്നും ആവശ്യപ്പെട്ട് ബിവറേജസ് കോർപ്പറേഷൻ ചെയർപേർഴ്സൺ & മാനേജിംഗ് ഡയറക്ടർ 16 . 01 . 2024 - ൽ സർക്കാരിൽ സമർപ്പിച്ച ശിപാർശയെ തുടർന്ന് 17.09.2025-ലെ മന്ത്രിസഭായോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 20.09.2025-ലെ സ.ഉ(സാധാ)നം.871/2025/നികുതി പ്രകാരം ബിവറേജസ് കോർപ്പറേഷനിലെ ഔട്ട് ലെറ്റുകളിലെ ജീവനക്കാർക്ക് അടിസ്ഥാന ശമ്പളത്തിന്റെ നിശ്ചിത നിരക്കിൽ ചുവടെ പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ളത് പ്രകാരം അലവൻസ് അനുവദിച്ചിട്ടുണ്ട്.

| Sl No | Basic Pay | Allowance |
|---|---|---|
| 1 | Up to 37400 | 355 |
| 2 | Above 37400 but below 68400 | 415 |
| 3 | Above 68400 | 500 |

(3) 17.09.2025-ലെ മന്ത്രിസഭായോഗ തീരുമാനം പുന:പരിശോധിക്കണമെന്നും ബിവറേജസ് കോർപ്പറേഷനിലെ ഔട്ട് ലെറ്റുകളിലെ ജീവനക്കാർക്ക് ശമ്പളത്തിന് പുറമേ നൽകുന്ന അലവൻസ് 600/- രൂപയാക്കി വർദ്ധിപ്പിക്കണമെന്നും, ഷോപ്പ് ഇൻ ചാർജ്ജിന്റെ ചുമതല വഹിക്കുന്ന ജീവനക്കാരന് ശമ്പളത്തിന് പുറമെ പ്രതിമാസം 2000/- രൂപ ചാർജ്ജ് അലവൻസ് പുതിയതായി അനുവദിക്കണമെന്നും ആവശ്യപ്പെട്ട് കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ സ്റ്റാഫ് അസോസിയേഷൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(4) 17.09.2025-ൽ കൈക്കൊണ്ട മന്ത്രിസഭായോഗ തീരുമാനം പുനഃ പരിശോധിക്കേണ്ടതുണ്ടോ എന്ന കാര്യത്തിൽ ബഹു.എക്സൈസ് വകുപ്പ് മന്ത്രി ചുവടെ ചേർക്കും പ്രകാരം നിർദേശിക്കുകയുണ്ടായി.

"മന്ത്രിസഭയുടെ പരിഗണനയ്ക്ക് വന്ന നിർദ്ദേശങ്ങളിൽ 2,000/- രൂപ ഷോപ്പ് ഇൻ ചാർജിന് നൽകണമെന്നത് ഒഴിവാക്കി 600/- രൂപ ഷോപ്പ് ജീവനക്കാർക്ക് നൽകണമെന്ന നിർദ്ദേശം അംഗീകരിക്കാവുന്നതാണ്. ബഹു.മുഖ്യമന്ത്രി കണ്ട് അംഗീകരിച്ചാൽ മന്ത്രിസഭാ തീരുമാനം പുനപരിശോധിക്കാവുന്നതാണ്."

(5) ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

**പ്രതിദിന അലവൻസ് 550 രൂപയായി നിശ്ചയിക്കുവാൻ അനുമതി നൽകുന്നു. ടി വർധനവിന്റെ സാമ്പത്തികാനുകൂല്യം ഉത്തരവാകുന്നതിന്റെ തൊട്ടടുത്ത മാസം മുതൽ നൽകാവുന്നതാണ്.**

**'ഇതിന് ബഹു ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്'**

(6) ഈ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടത് പ്രകാരം, ബിവറേജസ് കോർപ്പറേഷൻ ഔട്ട് ലെറ്റുകളിലെ ജീവനക്കാർക്ക് ശമ്പളത്തിന് പുറമേ മൂന്ന് സ്ലാബുകളിലായി 20.09.2025-ലെ സ.ഉ(സാധാ)നം.871/2025/നി.വ. ഉത്തരവ് പ്രകാരം അനുവദിച്ച പ്രതിദിന അലവൻസ്, പ്രസ്തുത ഉത്തരവ് ഭേദഗതി ചെയ്തു കൊണ്ട് കേഡർ വ്യത്യാസമില്ലാതെ 550 രൂപയായി വർദ്ധിപ്പിക്കാവുന്നതാണോ; അനുവദിക്കുന്ന പക്ഷം ടി വർദ്ധനവിന്റെ സാമ്പത്തിക ആനുകൂല്യം ഉത്തരവാകുന്നതിന്റെ തൊട്ടടുത്ത മാസം മുതൽ അനുവദിക്കാവുന്നതാണോ?

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

നികുതി വകുപ്പ് - കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിലെ ജീവനക്കാർക്ക് നൽകുന്ന പ്രതിദിന അലവൻസ് വർദ്ധിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

നികുതി (എ) വകുപ്പ്

സ.ഉ.(സാധാ) നം.871/2025/TAXES തീയതി,തിരുവനന്തപുരം, 20-09-2025

പരാമർശം:-

1. 8.8.2014- ലെ സ.ഉ(സാധാ) നം. 625/2014/നികുതി
2. 02.11.2018-ലെ സ.ഉ(സാധാ)നം.789/2018/നികുതി
3. കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ ചെയർപേഴ്സൺ & മാനേജിംഗ് ഡയറക്ടറുടെ 16.01.2024-ലെ 1356/എ.ഇ1/2023/ കെ.എസ്.ബി.സി നമ്പർ കത്ത്.

<u>ഉത്തരവ്</u>

കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിലെ ഔട്ട് ലെറ്റുകളിൽ പ്രവർത്തിയെടുക്കുന്ന ജീവനക്കാർ ദിവസവും നിശ്ചിത 8 മണിക്കൂറിനെക്കാൾ 3 മണിക്കൂർ അധികം ജോലിചെയ്തുവരുന്നതിനാൽ ടി ജീവനക്കാർക്ക് ശമ്പളത്തിന് പുറമെ നല്കിവരുന്ന പ്രതിദിന അലവൻസ് കേഡർ വ്യത്യാസമില്ലാതെ 600/- രൂപയാക്കി വർദ്ധിപ്പിക്കണമെന്നും, ഷോപ്പ് ഇൻ ചാർജ്ജിന്റെ ചുമതല വഹിക്കുന്ന ജീവനക്കാരന് ശമ്പളത്തിന് പുറമെ പ്രതിമാസം 2000/-രൂപ ചാർജ്ജ് അലവൻസ് പുതിയതായി അനുവദിക്കണമെന്നും കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ ചെയർപേഴ്സൺ & മാനേജിംഗ് ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

2) 2014-ൽ സംസ്ഥാനത്തെ 418 ബാർ ഹോട്ടലുകൾ അടച്ചുപൂട്ടിയതിനെത്തുടർന്ന്, ബെവ്കോ ഔട്ട് ലെറ്റുകളിലൂടെയുള്ള ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ വിൽപ്പന വർദ്ധിക്കുകയും, ഇതുകാരണം ജീവനക്കാരുടെ ജോലിഭാരം കൂടുകയും ചെയ്തതിനാൽ അടച്ചുപൂട്ടിയ ഹോട്ടലുകളുടെ ലൈസൻസ് പുതുക്കുന്നതനുസരിച്ച് സർക്കാർ ഒരു നയപരമായ തീരുമാനം എടുക്കുന്നതുവരെ, 27.06.2014 മുതൽ ബെവ്കോ ഔട്ട് ലെറ്റുകളിലെ ജീവനക്കാർക്ക് പ്രതിദിനം 100/- രൂപ അധിക അലവൻസ് അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ അടച്ചുപൂട്ടിയ ബാർ ഹോട്ടലുകൾ വീണ്ടും തുറന്നെങ്കിലും, ബെവ്കോ ഔട്ട് ലെറ്റുകളിലെ ജീവനക്കാർക്കുള്ള 100/- രൂപയുടെ അധിക പ്രതിദിന അലവൻസ് നാളിതുവരെയും തുടർന്നുവരികയാണ്. ഇത് കൂടാതെ പരാമർശം (2) പ്രകാരം കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിലെ ഔട്ട് ലെറ്റുകളിലെ ജീവനക്കാർക്ക് അവരുടെ ശമ്പള നിരക്കിന്റെ അടിസ്ഥാനത്തിൽ ചുവടെചേർക്കും പ്രകാരവും, പ്രതിദിന അലവൻസ് നല്കിവരുന്നുണ്ട്.

| ക്രമ നം. | അടിസ്ഥാന ശമ്പളം | അലവൻസ് |
|---|---|---|
| 1 | 37400/- രൂപ വരെ | 320 |
| 2 | 37400/- രൂപ മുതൽ 68400/- രൂപവരെ | 375 |
| 3 | 68400/- രൂപയ്ക്ക് മുകളിൽ | 455 |

3) സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. അടച്ചുപൂട്ടിയ ബാർ ഹോട്ടലുകൾ പൂർണ്ണമായും

തുറന്ന് പ്രവർത്തനം ആരംഭിച്ചതിനാൽ, കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിലെ ഔട്ട് ലെറ്റുകളിലെ ജീവനക്കാർക്ക് പരാമർശം (1) പ്രകാരം 27.6.2014 മുതൽ അനുവദിച്ചുവരുന്ന 100/- രൂപയുടെ അധിക പ്രതിദിന അലവൻസ് നിർത്തലാക്കിക്കൊണ്ടും, ഷോപ്പ്-ഇൻ-ചാർജിന് 2000/- രൂപ പ്രതിമാസ അധിക അലവൻസ് പുതിയതായി അനുവദിക്കുന്നതിനുള്ള ശിപാർശ നിരസിച്ചുകൊണ്ടും, നിലവിൽ നല്കിവരുന്ന പ്രതിദിന അലവൻസുകളുടെ നിരക്ക് ചുവടെചേർക്കും പ്രകാരം വർദ്ധിപ്പിച്ചും ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | അടിസ്ഥാന ശമ്പളം | നിലവിലുള്ള അലവൻസ് | പുതിയ അലവൻസ് |
|---|---|---|---|
| 1 | 37400/- രൂപ വരെ | 320 | 355 |
| 2 | 37401/- രൂപ മുതൽ 68400/- രൂപവരെ | 375 | 415 |
| 3 | 68401/- രൂപയ്ക്ക് മുകളിൽ | 455 | 500 |

4) മുകളിൽ സൂചിപ്പിച്ചിരിക്കുന്ന മാറ്റങ്ങൾക്ക് ഉത്തരവ് തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ആർ ജ്യോതിലാൽ

അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്:-

1. ചെയർപേഴ്സൺ & മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
3. പൊതുഭരണ എസ്.സി വകുപ്പ് (17.9.2025-ലെ മന്ത്രിസഭ യോഗതീരുമാനം ഇനം. നം. 3220 പ്രകാരം)
4. ധനകാര്യ വകുപ്പ് ( ഫയൽ നം. 873377/പിയു.സി2/98/2018/ധന പ്രകാരം
5. വിവര പൊതുജന സമ്പർക്ക വകുപ്പ്(വെബ് & ന്യൂ മീഡിയ)(മന്ത്രിസഭായോഗതീരുമാനത്തിന്റെയും ക്യാബിനറ്റ് കുറിപ്പിന്റെയും പകർപ്പ് സഹിതം)
6. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (എ3/7/2024/നികുതി)

ഉത്തരവിൻ പ്രകാരം

Signed by

Jagadish Babu M

Date: 20-09-2025 14:54:19